ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 24.04.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1.) പഹൽഗാം ഭീകരാക്രമണത്തിൽ പാകിസ്ഥാനെതിരെ ശക്തമായ നടപടികളുമായി ഇന്ത്യ ; 1960-ലെ സിന്ധു നദീജല ഉടമ്പടി റദ്ദാക്കി; അട്ടാരി അതിർത്തി അടച്ചു.

India Takes Strong Action Against Pakistan Over Pahalgam Terror Attack; Cancels 1960 Indus Waters Treaty, Closes Attari Border.

2.) ഇന്ത്യയിലുള്ള എല്ലാ പാകിസ്ഥാൻ പൗരന്മാരും 48 മണിക്കൂറിനകം മടങ്ങണമെന്ന് വിദേശകാര്യമന്ത്രാലയം ; സാർക്ക് വീസ ഇളവ് പദ്ധതി പ്രകാരമുള്ള യാത്ര അനുമതി റദ്ദാക്കി.

MEA Orders All Pakistani Nationals in India to Leave Within 48 Hours; SAARC Visa Exemption Travel Privileges Cancelled.

3.) ന്യൂഡൽഹിയിലെ പാകിസ്ഥാൻ ഹൈക്കമ്മീഷനിലുള്ള സേനാ ഉപദേഷ്ടാക്കളെ പുറത്താക്കി ; ഉദ്യോഗസ്ഥർ ഒരാഴ്ചക്കകം ഇന്ത്യ വിടണമെന്ന് നിർദേശം.

India Declares Defence Advisors at Pakistani High Commission in New Delhi Persona Non Grata; Given One Week to Leave.

4.) പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് ന്യൂഡൽഹിയിൽ സർവകക്ഷിയോഗം വിളിച്ച് കേന്ദ്രസർക്കാർ.

Centre Govt to Convene All-Party Meeting in New Delhi Today in Wake of Pahalgam Terror Attack.

5.) ഇന്ന് ദേശീയ പഞ്ചായത്തിരാജ് ദിനം ; പ്രധാനമന്ത്രി നരേന്ദ്ര മോദി ബിഹാറിലെ മധുബനിയിൽ ഗ്രാമസഭകളെ അഭിസംബോധന ചെയ്യും.

Nation Celebrates National Panchayati Raj Day Today; PM Modi to Address Gram Sabhas in Madhubani, Bihar.

6.) കഴിഞ്ഞ നാലു വർഷത്തിൽ കേരളത്തിലെ സഹകരണ മേഖലയിൽ അഞ്ച് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ.

CM Pinarayi Vijayan Says Kerala's Cooperative Sector Created 5 Lakh Jobs in the Last Four Years.

**********************************

## MORN. MEA-CCS ..(INTRO)

ജമ്മു കശ്മീരിലെ പഹൽഗാമിലുണ്ടായ ഭീകരാക്രമണത്തെ തുടർന്ന്, പാകിസ്ഥാനെതിരെ ശക്തമായ നടപടികളുമായി ഇന്ത്യ. പഞ്ചാബ് വാഗയിലെ അട്ടാരി അതിർത്തി അടച്ചു. നിയമാനുസൃതമായ അനുമതിയോടെ അതിർത്തി കടന്നെത്തിയവർ മെയ് ഒന്നിന് മുമ്പ് തിരികെ പോകേണ്ടതാണ്. ഇരു രാജ്യങ്ങളിലെയും നയതന്ത്ര ദൗത്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങളുടെ എണ്ണം 55-ൽ നിന്ന് 30 ആയി കുറയ്ക്കാനും തീരുമാനം. 1960-ലെ സിന്ധു നദീജല ഉടമ്പടി റദ്ദാക്കിയതായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ഇന്നലെ രാത്രി ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

( വോയിസ്... )

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വസതിയിൽ ഇന്നലെ വൈകുന്നേരം ചേർന്ന യോഗത്തിൽ സുരക്ഷാകാര്യങ്ങൾ വിലയിരുത്തുന്നതിനുള്ള മന്ത്രിസഭാ സമിതി, സുരക്ഷാ സാഹചര്യം അവലോകനം ചെയ്യുകയും എല്ലാ സേനകളോടും അതീവ ജാഗ്രത പുലർത്താൻ നിർദ്ദേശിക്കുകയും ചെയ്തു. ന്യൂഡൽഹിയിലെ

പാകിസ്ഥാൻ ഹൈക്കമ്മീഷനിലുള്ള പ്രതിരോധ-സൈനിക, നാവിക, വ്യോമ ഉപദേഷ്ടാക്കളെ പുറത്താക്കുന്നതായും വിദേശകാര്യ സെക്രട്ടറി അറിയിച്ചു. ഉദ്യോഗസ്ഥർക്ക് ഇന്ത്യ വിടാൻ ഒരാഴ്ച സമയം നൽകിയിട്ടുണ്ട്. ഇസ്ലാമാബാദിലെ ഇന്ത്യൻ ഹൈക്കമ്മീഷനിൽ നിന്ന് ഇന്ത്യയുടെ പ്രതിരോധ-നാവിക-വ്യോമ ഉപദേഷ്ടാക്കളെ പിൻവലിക്കും. ഈ തസ്തികകൾ റദ്ദാക്കിയതായി കണക്കാക്കുമെന്ന് ശ്രീ വിക്രം മിസ്രി പറഞ്ഞു. ഇത്തരത്തിൽ പ്രവർത്തിക്കുന്ന അഞ്ചു ജീവനക്കാരെ തിരിച്ചു വിളിച്ചിട്ടുണ്ട്. സാർക്ക് വീസ ഇളവ് പദ്ധതി പ്രകാരം SVES വിസയുള്ള പാകിസ്ഥാൻ പൗരന്മാരെ ഇന്ത്യയിലേക്ക് യാത്ര ചെയ്യാൻ അനുവദിക്കില്ലെന്നും വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി പറഞ്ഞു. SVES വിസയിൽ നിലവിൽ ഇന്ത്യയിലുള്ള എല്ലാ പാകിസ്ഥാൻ പൗരന്മാരും 48 മണിക്കൂറിനകം ഇന്ത്യ വിടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

( വോയിസ്.... )

അതിർത്തി കടന്നുള്ള തീവ്രവാദ ബന്ധങ്ങൾ പുറത്തു കൊണ്ടുവന്നതിന്റെയും ജമ്മു കശ്മീരിൽ തിരഞ്ഞെടുപ്പ് വിജയകരമായി നടത്തി സാമ്പത്തിക വളർച്ചയിലേക്കും വികസനത്തിലേക്കും കശ്മീർ മുന്നേറിയതിന്റെയും പശ്ചാത്തലത്തിലാണ് ആക്രമണം നടന്നതെന്ന് കേന്ദ്ര മന്ത്രിസഭാ സമിതി യോഗത്തിൽ വിലയിരുത്തപ്പെട്ടു. ആക്രമണത്തെ ശക്തമായി അപലപിച്ച മന്ത്രിസഭാ സമിതി, കൊല്ലപ്പെട്ടവർക്ക് അനുശോചനം രേഖപ്പെടുത്തുകയും പരിക്കേറ്റവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്ന് പ്രത്യാശിക്കുകയും ചെയ്തു. പഹൽഗാം ആക്രമണത്തെ തുടർന്ന് ഇന്ത്യയ്ക്ക് പിന്തുണ അറിയിച്ച ലോകരാഷ്ട്രങ്ങളോടുള്ള നന്ദി മന്ത്രിസഭാ സമിതി രേഖപ്പെടുത്തി.

*********************************

## PAHALGAM- ALL PARTY MEETING

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ ഇന്ന് ന്യൂഡൽഹിയിൽ സർവകക്ഷിയോഗം വിളിച്ചു. വൈകിട്ട് 6 മണിക്ക് പാർലമെന്റ് മന്ദിരത്തിലാണ് യോഗം

നടക്കുക. ജമ്മു കശ്മീരിലെ പഹൽഗാമിൽ ബൈസരൻ താഴ്വരയിലുണ്ടായ ആക്രമണത്തിൽ 26 വിനോദ സഞ്ചാരികൾക്കാണ് ജീവൻ നഷ്ടമായത്.

***********************************

## JK GOVT – EXGRATIA

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ജമ്മുകാശ്മീരിൽ മുഖ്യമന്ത്രി ഒമർ അബ്ദുള്ള ഇന്ന് സർവകക്ഷി യോഗം വിളിച്ചു. ആക്രമണത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് ജമ്മു കശ്മീർ സർക്കാർ 10 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചിരുന്നു. ഗുരുതരമായി പരിക്കേറ്റവർക്ക് 2 ലക്ഷം രൂപ വീതവും, ചെറിയ പരിക്കുകളുള്ളവർക്ക് ഒരു ലക്ഷം രൂപയും ധനസഹായം നൽകും.

***********************************

## PUNJAB-BORDERS SEALED

ഭീകരാക്രമണത്തെത്തുടർന്ന് പാകിസ്ഥാനുമായുള്ള പഞ്ചാബ് അതിർത്തി അടച്ച്, റെഡ് അലേർട്ട് പ്രഖ്യാപിച്ചു. പഞ്ചാബിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലും സുരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്. പാകിസ്ഥാനുമായും ജമ്മു കശ്മീരുമായും അതിർത്തി പങ്കിടുന്നതിനാൽ പഞ്ചാബ് അതീവ ജാഗ്രതയിലാണെന്ന് മുഖ്യമന്ത്രി ഭഗവന്ത് സിംഗ് മാൻ പറഞ്ഞു.

***********************************

## PAHALGAM – KOCHI FUNERAL

ഭീകരാക്രമണത്തിൽ ജീവൻ നഷ്ടമായ എറണാകുളം സ്വദേശി എൻ രാമചന്ദ്രൻറെ സംസ്കാര ചടങ്ങുകൾ നാളെ ഉച്ചകഴിഞ്ഞ് ഇടപ്പള്ളി പൊതു ശ്മശാനത്തിൽ നടക്കും. ഇന്നലെ രാത്രി നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തിച്ച ഭൗതികദേഹത്തിൽ സംസ്ഥാന സർക്കാരിനും മുഖ്യമന്ത്രിക്കും വേണ്ടി മന്ത്രി പി പ്രസാദ് പുഷ്പചക്രം

സമർപ്പിച്ചു. കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി, പ്രതിപക്ഷനേതാവ് വി.ഡി.സതീശൻ, ഹൈബി ഈഡൻ എം.പി തുടങ്ങിയവരും അന്ത്യോപചാരം അർപ്പിച്ചു.

*******************************

## BCCI PAHALGAM TRIBUTE

പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ടവർക്ക് ആദരാഞ്ജലി അർപ്പിച്ച് ബി സി സി ഐ. ഇന്നലെ ഹൈദരാബാദിൽ, സൺറൈസേഴ്സ് ഹൈദരാബാദ്, മുംബൈ ഇന്ത്യൻസ് ഐപിഎൽ മത്സരം ആരംഭിക്കുന്നതിന് മുൻപ് ഒരു മിനിറ്റ് മൗനം ആചരിച്ചു. മത്സരത്തിലുടനീളം, താരങ്ങളും മറ്റുദ്യോഗസ്ഥരും കറുത്ത ആംബാൻഡുകൾ ധരിച്ചിരുന്നു.

*******************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

*******************************

## PM-BIHAR VISIT

ഇന്ന് ദേശീയ പഞ്ചായത്തിരാജ് ദിനം. ദിനാചരണത്തോടനുബന്ധിച്ച് ബീഹാർ സന്ദർശിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി മധുബനിയിൽ ഗ്രാമസഭകളെ അഭിസംബോധന ചെയ്യും. 13,500 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ഉദ്ഘാടനവും ശിലാസ്ഥാപനവും പ്രധാനമന്ത്രി നിർവഹിക്കും. ജയ്നഗർ മുതൽ പട്ന വരെയുള്ള നമോ ഭാരത് റാപ്പിഡ് റെയിലും മുംബൈയിലെ സഹർസ മുതൽ ലോകമാന്യ തിലക് ടെർമിനസ് വരെയുള്ള അമൃത് ഭാരത് എക്സ്പ്രസും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും.

*******************************

## PM INDIA STEEL 2025

മുംബൈയിൽ സംഘടിപ്പിക്കുന്ന 'ഇന്ത്യ സ്റ്റീൽ-2025' അന്താരാഷ്ട്ര പരിപാടി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്യും. മൂന്ന് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനത്തിലും പ്രദർശനത്തിലും ആഗോള സ്റ്റീൽ മൂല്യ ശൃംഖലയിലെ പ്രമുഖർ പങ്കെടുക്കും. മുഖ്യമന്ത്രിമാരും കേന്ദ്ര മന്ത്രിമാരും വിവിധ കേന്ദ്ര മന്ത്രാലയങ്ങളുടെയും സംസ്ഥാനങ്ങളുടെയും ഉദ്യോഗസ്ഥരും പരിപാടിയുടെ ഭാഗമാകും.

*******************************

## SAHAKARANA EXPO - CM

കഴിഞ്ഞ നാലു വർഷത്തിൽ കേരളത്തിലെ സഹകരണ മേഖലയിൽ അഞ്ച് ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. തിരുവനന്തപുരം കനകക്കുന്നിൽ നടക്കുന്ന സഹകരണ എക്സ്പോ 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഈ മാസം 30 വരെയാണ് എക്സ്പോ സംഘടിപ്പിച്ചിരിക്കുന്നത്.

*******************************

## STATE CABINET

ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ.ജയതിലകിനെ കേരളത്തിന്റെ 50-ാമത് ചീഫ് സെക്രട്ടറിയായി നിയമിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. 1991 ബാച്ച് ഐഎഎസ് ഉദ്യോഗസ്ഥനാണ് എ.ജയതിലക്. ശാരദ മുരളീധരൻ ചീഫ് സെക്രട്ടറി സ്ഥാനത്ത് നിന്ന് വിരമിക്കുന്ന ഒഴിവിലാണ് നിയമനം.

*******************************

## 4th ANNIVERSARY-REVIEW MEETING

മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ രണ്ടാം വട്ടവും അധികാരത്തിലെത്തിയ സർക്കാരിന്റെ നാലാം വാർഷികാഘോഷത്തിന്റെ ഭാഗമായി പത്തനംതിട്ടയിൽ ഇന്ന് ജില്ലാതല അവലോകന യോഗം നടക്കും. ഇലന്തൂരിൽ നടക്കുന്ന യോഗത്തിൽ ജില്ലയിലെ വിവിധ മേഖലകളിൽ നിന്നുള്ള പ്രത്യേക ക്ഷണിതാക്കളായ 500 പേരുമായി മുഖ്യമന്ത്രി സംവദിക്കും. ഈ മാസം 21 ന് കാസർഗോഡായിരുന്നു വാർഷികാഘോഷങ്ങൾക്ക് തുടക്കമായത്.

*******************************

## BJP - KERALA

ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ നയിക്കുന്ന വികസിത കേരളം ജില്ലാ കൺവൻഷൻ ഇന്ന് തിരുവനന്തപുരത്ത്. ഇടപ്പഴഞ്ഞി അളകാപുരി ഓഡിറ്റോറിയത്തിൽ തിരുവനന്തപുരം സെൻട്രൽ ജില്ലാ കൺവൻഷൻ സംസ്ഥാന അധ്യക്ഷൻ ഉദ്ഘാടനം ചെയ്യും. രാവിലെ ജില്ലാ നേതൃയോഗത്തിലും സംസ്ഥാന അധ്യക്ഷൻ പങ്കെടുക്കും. വൈകിട്ട് ആറ്റിങ്ങലിൽ തിരുവനന്തപുരം നോർത്ത് ജില്ലാ വികസിത കേരളം കൺവൻഷൻ നടക്കും.

*******************************

## POPE

സെൻറ് പീറ്റേഴ്സ് ബസലിക്കയിൽ പൊതുദർശനത്തിനു വച്ച ഫ്രാൻസിസ് മാർപ്പാപ്പയുടെ ഭൗതിക ദേഹത്തിനു മുന്നിൽ പ്രാർത്ഥനകൾ അർപ്പിച്ച് വിശ്വാസികൾ. ശനിയാഴ്ച ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30 -ഓടെ സംസ്കാര ചടങ്ങുകൾ ആരംഭിക്കും. ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഗ്രഹ പ്രകാരം റോമിലെ സെൻറ് മേരി മേജർ ബസലിക്കയിലാണ് അന്ത്യവിശ്രമം ഒരുക്കുന്നത്. സംസ്കാര ചടങ്ങുകളിൽ കേരളത്തെ പ്രതിനിധീകരിച്ച് മന്ത്രി റോഷി അഗസ്റ്റിൻ പങ്കെടുക്കും.

*******************************

## KONERU HUMPY FIDE CHESS

ഇന്നലെ നടന്ന പൂനെ ഫിഡെ വനിതാ ഗ്രാൻഡ് പ്രീയിൽ ഇന്ത്യൻ ചെസ് ഗ്രാൻഡ്മാസ്റ്റർ കൊനേരു ഹംപിയ്ക്ക് ജയം. ബൾഗേറിയൻ ഇന്റർനാഷണൽ മാസ്റ്റർ നൂർഗ്യുൾ സലിമോവയായിരുന്നു എതിരാളി. ഇതോടെ അടുത്ത വനിതാ കാൻഡിഡേറ്റ് ചെസ് ടൂർണമെന്റിലേക്കുള്ള ഹംപിയുടെ യോഗ്യതാ സാധ്യതയേറി.

*******************************

## REV. NT. IPL T20 RESULT

ഐപിഎല്ലിൽ ഇന്നലെ നടന്ന മുംബൈ ഇന്ത്യൻസ് - സൺറൈസേഴ്സ് ഹൈദരാബാദ് മത്സരത്തിൽ ഹൈദരാബാദിനെ മുംബൈ 7 വിക്കറ്റിന് പരാജയപ്പെടുത്തി. 144 റൺസ് വിജയലക്ഷ്യം പിന്തുടർന്ന മുംബൈ 15.4 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ വിജയലക്ഷ്യം മറികടക്കുകയായിരുന്നു.

****************************************************************************************
********